വായ്പാ വ്യവസ്ഥകൾ പാലിക്കുന്നതുമൂലമുണ്ടാകുന്ന വിലവർദ്ധനവും നികുതി വർദ്ധനവും

9 [1016] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:

" ഇ. ടി. മുഹമ്മദ് ബഷീർ:

" വി. കെ. ഇബ്രാഹിംകുഞ്ഞ്:

" ടി. പി. എം. സാഹിർ:

" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന് വിദേശ സർക്കാരുകളിൽ നിന്നും, ബാങ്കുകളിൽ നിന്നും ലഭിച്ചിട്ടുള്ള വായ്പ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതുകൊണ്ട് സംസ്ഥാനത്ത് വിലവർദ്ധനവും നികുതി വർദ്ധനവും ഉണ്ടായിട്ടുണ്ടോ;

(ബി) ഇത്തരം വ്യവസ്ഥകളില്ലാതെ നാട്ടിൽ നിന്നുതന്നെ കടപ്പത്രം ഇറക്കിയോ മറ്റോ ധനശേഖരണം നടത്തുന്നതിനുള്ള സാദ്ധ്യത ആരാഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) വിദേശ സർക്കാരുകളുമായി സംസ്ഥാന സർക്കാർ നേരിട്ട് കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. ആകയാൽ അതുമൂലം വിലവർദ്ധനയുടെയോ നികുതി വർദ്ധനയുടെയോ പ്രശ്നം ഉദിക്കുന്നില്ല.

(ബി) നാട്ടിൽനിന്നും ആസൂത്രണ കമ്മീഷൻ, കേന്ദ്ര സർക്കാർ, റിസർവ്വ് ബാങ്ക് എന്നീ സ്ഥാപനങ്ങളുടെ അനുമതിയോടെ കടപ്പത്രം വഴി ധനശേഖരണം നടത്തിവരുന്നുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെ കടബാദ്ധ്യത

10 [1017] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ഇപ്പോഴത്തെ കടബാദ്ധ്യതകളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കടങ്ങൾക്ക് നൽകേണ്ടി വരുന്ന പലിശ നിരക്ക് ഓരോ കടത്തിന്റെയും അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) വിവിധ വകുപ്പുകൾ വഴിയുള്ള കടബാദ്ധ്യത എത്ര കോടി രൂപയാണ്; കടങ്ങൾക്ക് മാത്രം എന്തു തുക നൽകാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടത്തിനു പുറമെയുള്ള സ്റ്റേറ്റിന്റെ ബാദ്ധ്യതകൾ എത്ര കോടി രൂപയുടേതാണ്; തിരികെ നൽകാനുള്ള ട്രഷറി നിക്ഷേപം എത്ര കോടിയുണ്ട്;

(ഇ) ഇപ്പോൾ പ്രതിവർഷം എന്തു തുക പലിശ ഇനത്തിൽ മാത്രമായി സംസ്ഥാനം നൽകേണ്ടി വരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-11-2003 വരെയുള്ള പൊതു കടം 35189.67 കോടി രൂപ (അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ).

(ബി) കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾക്ക് 6.5% മുതൽ 15% വരെ.

എൽ. ഐ. സി. വായ്പകൾ 8% മുതൽ 14% വരെ.

ജി. ഐ. സി. വായ്പകൾ 8% മുതൽ 14% വരെ.

നബാർഡ് വായ്പകൾ 6% മുതൽ 8.5% വരെ.

എൻ. സി. ഡി. സി. വായ്പകൾ 7.75% മുതൽ 16.75% വരെ.

മാർക്കറ്റ് ലോണുകൾ 5.9% മുതൽ 14% വരെ.

(സി) വകുപ്പുകൾ വഴി സർക്കാർ കടം എടുക്കുന്നില്ല.

(ഡി) പൊതു കടത്തിനു പുറമെയുള്ള സ്റ്റേറ്റിന്റെ ബാദ്ധ്യതകൾ 2988.72 കോടി രൂപയാണ്. തിരികെ നൽകാനുള്ള ട്രഷറി നിക്ഷേപം 8204.82 കോടി രൂപ (30-11-2003 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ).

(ഇ) 2002-2003-ൽ നൽകിയത് 2946.77 കോടി രൂപ.

സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക

11 [1018] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മാർച്ച് വരെ കേരള സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ ആകെ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2003 മാർച്ച് വരെ കേരള സർക്കാർ പലിശ കൊടുക്കേണ്ട വായ്പയുടെ തുക എത്രയെന്ന് അറിയിക്കാമോ;

(സി) 2004 ജനുവരിയിൽ സംസ്ഥാന സർക്കാരിന്റെ ആകെ പലിശ കൊടുക്കേണ്ട കടം എത്രയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly